File No.SJD/2557/2020-C2

150 YEARS OF CELEBRATING THE MAHATMA

Break the chain

<u>സാമൂഹ്യനീതി ഡയറക്ടറുടെ നടപടി ക്രമങ്ങൾ</u>
(ഹാജർ: ഷീബാ ജോർജ്ജ് ഐ.എ.എസ് )

ഉത്തരവ് നം. എസ്ജെഡി/2557/2020-സി2

തിരുവനന്തപുരം,
തീയതി. 19/08/2020

---

വിഷയം: സാമൂഹ്യനീതി വകുപ്പ് – പ്രൊബേഷൻ & ആഫ്റ്റർ കെയർ – നേർവഴി പദ്ധതി – പ്രൊബേഷൻ അസ്സിസ്റ്റന്റുമാർക്ക് ഫെസ്റ്റിവൽ അലവൻസ് അനുവദിക്കുന്നതിന് അനുമതി നൽകി ഉത്തരവാകുന്നു.

പരാമർശം : 1. സ.ഉ. ( അച്ചടി നം. 107/2020/ധന തിരുവനന്തപുരം, 15/08/2020
2. എസ്.ജെ.ഡി/2557/2020/സാ.നീ.വ തീയതി. 15/07/2020

സംസ്ഥാന സർക്കാർ ജീവനക്കാർക്കും എയ്ഡഡ് വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ ജീവനക്കാർക്കും മറ്റ് വിഭാഗങ്ങളിലെ ജീവനക്കാർക്കും ബോണസ് / പ്രത്യേക ഉത്സവബത്ത അനുവദിച്ചുകൊണ്ട് പരാമർശം (1) പ്രകാരം സർക്കാർ ഉത്തരവായിട്ടുണ്ട്. ഇത് പ്രകാരം വിവിധ വകുപ്പുകൾക്ക് കീഴിൽ ജോലി ചെയ്യുന്ന കരാർ / താൽക്കാലിക ജീവനക്കാർക്കും സ്പെഷ്യൽ ഫെസ്റ്റിവൽ അലവൻസിന് നിബന്ധനകൾക്ക് വിധേയമായി അർഹത ഉണ്ടായിരിക്കുന്നതാണ്. നേർവഴി പദ്ധതിയുടെ വിജയകരമായ നടത്തിപ്പിലേയ്ക്ക് 14 ജില്ലാ പ്രൊബേഷൻ ഓഫീസുകളിലും 14 പ്രൊബേഷൻ അസിസ്റ്റന്റുമാരെ കരാർ അടിസ്ഥാനത്തിൽ നിയമിച്ചുകൊണ്ട് പരാമർശം (2) പ്രകാരം ഉത്തരവായിരുന്നു. ഇത്തരത്തിൽ നിയമിതരായ പ്രൊബേഷൻ അസിസ്റ്റന്റുമാർക്ക് പരാമർശ ഉത്തരവിന്റെ അടിസ്ഥാനത്തിൽ അർഹത പരിശോധിച്ച് ഉത്സവബത്ത അനുവദിക്കേണ്ടതുണ്ട്.

മേൽ വിവരിച്ച സാഹചര്യത്തിൽ, സാമൂഹ്യനീതി വകുപ്പിൻ കീഴിൽ കരാർ അടിസ്ഥാനത്തിൽ സേവനമനുഷ്ഠിച്ചുവരുന്ന പ്രൊബേഷൻ അസിസ്റ്റന്റുമാർക്ക് പരാമർശം (1) ഉത്തരവിന്റെ അടിസ്ഥാനത്തിൽ സ്പെഷ്യൽ ഫെസ്റ്റിവൽ അലവൻസ് ഇനത്തിൽ 38,500/- രൂപാ ( 2750 * 14 ) അനുവദിക്കുന്നതിന് അനുമതി നൽകി ഉത്തരവാകുന്നു. മേൽ തുകയിൽ നിന്നും 2,750/- രൂപാ-വീതം ( രണ്ടായിരത്തി എഴുന്നൂറ്റി അമ്പത് രൂപാ മാത്രം ) 14 ജില്ലാ സാമൂഹ്യനീതി ഓഫീസർമാരുടെ പേരിൽ അനുവദിച്ച് നൽകേണ്ടതാണ് . പ്രൊബേഷൻ ഓഫീസർമാർ **പരാമർശം (1) ഉത്തരവിലെ നിബന്ധനകൾക്ക് വിധേയമായി** പ്രൊബേഷൻ അസിസ്റ്റന്റുമാർക്ക് തുക മാറി നൽകുന്നതിന് പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ് .

ഇതിലേയ്ക്കാവശ്യമായ തുക നടപ്പ് സാമ്പത്തിക വർഷത്തിലെ 2235-02-106-93 (പ്ലാൻ) എന്ന അക്കൌണ്ട് ശീർഷകത്തിൽ നിന്നും വിനിയോഗിക്കാവുന്നതാണ്.

File No.SJD/2557/2020-C2

(ഒപ്പ്)

സാമൂഹ്യനീതി ഡയറക്ടർ

എല്ലാ ജില്ലാ സാമൂഹ്യ നീതി ഓഫീസർമാർക്കും,

പകർപ്പ് :

1. എല്ലാ ജില്ല പ്രൊബേഷൻ ഓഫീസർമാർക്കും
2. സൂപ്രണ്ട് എ/പ്ലാനിംഗ് സെക്ഷനുകൾ
3. സ്റ്റോക്ക് ഫയൽ

ഉത്തരവിൻ പ്രകാരം

സൂപ്രണ്ട്